**ജില്ലാ പ്രോജക്ട് ഓഫീസർമാർക്കും എല്ലാ ട്രെയിനർമാർക്കും,**

## ഒന്നാം ടേം മൂല്യനിർണ്ണയം വിദ്യാലയ തുടർ പ്രവർത്തനങ്ങളും പ്രക്രിയകളും സംബന്ധിച്ച നിർദ്ദേശങ്ങൾ

ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ഒന്നാം ടേം മൂല്യനിർണ്ണയം ആഗസ്റ്റ് 20 നു നടന്ന ക്ലസ്റ്റർ ശില്പശാലയിൽ ചർച്ച ചെയ്തു രൂപപ്പെടുത്തിയ ലക്ഷ്യം നേടുന്ന രീതിയിൽ പൂർത്തീകരിക്കുന്നതിനായി താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. എല്ലാ അധ്യാപകരും ഇതിന്റെ സത്ത ഉൾക്കൊണ്ട് പ്രവർത്തിക്കേണ്ടതാണ്. എല്ലാ പ്രഥമാധ്യാപകരും സ്വന്തം വിദ്യാലയത്തിൽ ഇത് അർത്ഥപൂർണമായി നടക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും നിർദ്ദേശിക്കുന്ന സമയത്ത് ഫലങ്ങൾ വിദ്യാഭ്യാസ ആഫീസർമാർക്ക് നൽകുകയും ചെയ്യണം.

- ഉത്തരക്കടലാസ്സുകളുടെ മൂല്യനിർണ്ണയം സൂചകങ്ങളെ അടിസ്ഥാനമാക്കിത്തന്നെ ചിട്ടയായി നടത്തി ഗ്രേഡു നൽകണം.
- ഉത്തരക്കടലാസ്സുകളുടെ മൂല്യനിർണ്ണയം അവധിക്കാലത്തുതന്നെ പൂർത്തിയാകുകയും അവധി കഴിഞ്ഞ് തുറന്ന് ഒന്നാമത്തെയോ രണ്ടാമത്തെയോ ദിവസം തന്നെ കുട്ടികൾക്ക് നൽകുകയും ചെയ്യണം.
- പ്രധാനാധ്യാപകൻ സാമ്പിൾ ഉത്തരക്കടലാസ്സുകൾ പരിശോധിച്ച് മൂല്യനിർണ്ണയത്തിന്റെ കൃത്യത ഉറപ്പാക്കേണ്ടതാണ്.
- ഉത്തരക്കടലാസ്സുകൾ കുട്ടികൾ വീട്ടിൽ കൊണ്ടുപോയി രക്ഷിതാവിനെ കാണിച്ച് ബോധ്യപ്പെടുത്തി ഒപ്പു വാങ്ങി അധ്യാപകരെ തിരിച്ചേൽപ്പിക്കണം. അധ്യാപകർ ഇത് പോർട്ടുഫോളിയോയിൽ സൂക്ഷിക്കേണ്ടതാണ്.
- അധ്യാപകർ വിഷയം /ക്ലാസ്സ് അടിസ്ഥാനമാക്കി ടേം മൂല്യനിർണ്ണയ ഫലങ്ങൾ വിശകലനം നടത്തുകയും ഫലം രേഖപ്പെടുത്തുകയും ചെയ്യണം. ഇതോടൊപ്പം അയയ്ക്കുന്ന വിവിധയിനം ഫോർമാറ്റുകൾ, പഠന പുരോഗതിരേഖ, രേഖപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ എന്നിവ പഠന പുരോഗതി രേഖപ്പെടുത്തുന്നതിനും വിലയിരുത്തുന്നതിനും ഉപയോഗിക്കേണ്ടതാണ്.
- വിശകലനത്തിന്റെ അടിസ്ഥാനത്തിൽ ഓരോരുത്തരും നടത്താൻ ആഗ്രഹിക്കുന്ന പരിഹാര തുടർപ്രവർത്തനങ്ങൾ അധ്യാപകർ തയ്യാറാക്കി പ്രധാനാധ്യപകനെ ബോധ്യപ്പെടുത്തേണ്ടതാണ്.
- സെപ്തംബർ 26 ന് തുടങ്ങുന്ന ആഴ്ചയിൽ എസ്.ആർ.ജി യോഗം ചേർന്ന് അധ്യാപകർ ഓരോരുത്തരും തയ്യാറാക്കിയ ഫലവിശകലനവും തുടർപ്രവർത്തന നിർദ്ദേശങ്ങളും അവതരിപ്പിച്ച് ചർച്ച ചെയ്യണം. ഓരോ അധ്യാപകരും തന്റെ ക്ലാസ്സിൽ അതത് വിഷയങ്ങളിൽ ഏറ്റെടുത്തു നടത്തുന്ന ട്രൈഔട്ട് പ്രവർത്തനങ്ങളും എസ്.ആർ.ജിയിൽ അവതരിപ്പിച്ച് ചർച്ച ചെയ്യാവുന്നതാണ്.
- പ്രഥാമാധ്യപകർ ടേം മൂല്യനിർണ്ണയ തുടർപ്രവർത്തനങ്ങളുടെ നടപ്പിലാക്കലും ഫലവും, അധ്യാപകർ ഏറ്റെടുത്തു നടത്തുന്ന ട്രൈഔട്ടു പ്രവർത്തനങ്ങളുടെ റിപ്പോർട്ടും പ്രഥമാധ്യാപക യോഗത്തിൽ അവതിരിപ്പിക്കാനായി തയ്യാറാക്കേണ്ടതാണ്.
- ഈ ആഴ്ചയിൽത്തന്നെ ഒരു ദിവസം ക്ലാസ് പി.ടി.എ യോഗം ചേർന്ന് ഫലവിശകലനവും തുടർപ്രവർത്തനങ്ങളും സെപ്തംബർ 28 ന് മുമ്പ് അവതരിപ്പിക്കണം.
- കുട്ടികൾക്കുള്ള പഠനപിന്തുണാപ്രവർത്തനങ്ങൾക്ക് രക്ഷിതാക്കളുടെ റോൾ നിശ്ചയിച്ചു നൽകുകയും സഹകരണം ഉറപ്പാക്കുകയും ചെയ്യണം.
- ജില്ലയിലെ മൂന്ന് മുതുൽ അഞ്ചുവരെ വിദ്യാലയങ്ങളിൽ നിന്ന് ഓരോ വിഷയത്തിനും 10 വീതം ഉത്തരക്കടലാസുകൾ മൂല്യനിർണയം ചെയ്യുന്നതിന് മുമ്പായി വാങ്ങി ഫോട്ടോകോപ്പി എടുത്തു വയ്ക്കേണ്ടതാണ്.

**തിരുവനന്തപുരം**
09.09.2016

**ഡോ. കുട്ടികൃഷ്ണൻ എ.പി**
*സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ*
*സർവശിക്ഷാഅഭിയാൻ, കേരളം*